स्वाध्यायात् मा प्रमद

# ദർപ്പണം

**വ്യക്തതയോടെ.. വ്യത്യസ്തതയോടെ...**




## ക്ലബ്ബ് പ്രവർത്തനങ്ങൾക്ക് വർണാഭമായ തുടക്കം



വെളിയന്നൂർ: വന്ദേമാതരം സ്കൂളിലെ സാഹിത്യസമാജത്തിന്റെയും വിവിധ ക്ലബുകളുടെയും ഈ വർഷത്തെ പ്രവർത്തന ഉത്ഘാടനം 2012 ആഗസ്റ്റ് 8 ന് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സ്കൂൾ പ്രൻസിപ്പാൾ ശ്രീ കെ.എസ്.ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എം ജി യൂണിവേഴ്സിറ്റി പ്രൊഫസർ ശ്രീ ജോസ് കെ മാനുവൽ ഉത്ഘാടനം നിർവഹിച്ചു.കല മനുഷ്യന്റ സന്തതസഹചാരിയാണ്. അത് കൊണ്ട് തന്നെ മനുഷ്യന്റ അഭിരുചിയിലും ആസ്വാദനതലത്തിലും വന്ന മാറ്റങ്ങൾ കലയിലും പ്രകടമായി.ഇത്തരം നൂതന പ്രവണതകളെ തിരസ്കരിക്കേണ്ടതില്ല ഉത്ഘാടന പ്രസംഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. യോഗത്തിൽ പി.റ്റി.എ പ്രസിഡന്റ് ജോസ് മാത്യു വിദ്യാരംഗം കലാസാഹിത്യവേദിയുടെ നൂതന സംരംഭമായ ദർപ്പണം വാർത്താമാഗസിന്റ പ്രകാശനം നിർവഹിച്ചു.സ്റ്റാഫ് സെക്രട്ടറി ശ്രീ എം ശ്രീകുമാറും, വിദ്യാർത്ഥിപ്രതിനിധി ജോയ്സി തോമസും ആശംസ അർപ്പിച്ചു.വിദ്യാരംഗം കൺവീനർ ശ്രീ മനോജ് ബി.കെ. സ്വാഗതവും പ്രസിഡന്റ് സ്നേഹാ സജീവൻ കൃതജ്ഞതയും അർപ്പിച്ചു. കുമാരി ഐശ്വര്യ സുരേഷ്, മാസ്റ്റർ ശിവ സുന്ദർ സി.എ, ആര്യ റ്റി വിജയൻ തുടങ്ങിയവർ അവതരിപ്പിച്ച വിവിധ കലാപരിപാടികൾ ഉദ്ഘാടനച്ചടങ്ങിനെ അവിസ്മരണീയമാക്കി.

### ഒരു നിമിഷം

ഒരുമയുടെയും സമൃദ്ധിയുടെയും മധുരസ്മരണകൾ അയവിറക്കി ഒരുവട്ടം കൂടി നാം ഓണത്തെ വരവേൽക്കുന്നു. മലയാളിയുടെ മനസ്സിൽ ആഘോഷത്തിന്റെയും ആഹ്ലാദത്തിന്റെയും പൂത്തിരി കത്തിക്കാൻ ഓണത്തോളം ശേഷി മറ്റെന്തിനാണ് ഉള്ളത്! കേവലം ഒരാഘോഷം എന്നതിലുപരി ഓണം നമ്മുടെ സാംസ്കാരിക പ്രതികമല്ലേ. മാറിയ മലയാളിയുടെ മനസ്സിനൊപ്പം ഓണവും പുതിയ രൂപവും ഭാവവും നേടി! ആഘോഷങ്ങൾ വേഷപ്പകർച്ചകൾ തേടി! ഓണപ്പാട്ടുകളും ഓണക്കളികളും പരകായ പ്രവേശം ചെയ്തു! ചാനൽ കളികളും, പാട്ടുകളും, ഹോട്ടൽസദ്യയും നിറയുന്ന കേവലം ഒരു സ്പോൺസേർഡ് പ്രോഗ്രാമായി ഓണവും മാറി. ആധുനിക വിപണന തന്ത്രത്തിന്റെ ആകർഷകമുദ്രയായി മാറിയില്ലേ മാവേലി തമ്പുരാൻ പോലും!

സാംസ്കാരികാപചയത്തിന്റെ സാക്ഷ്യപത്രമെന്ന് സാംസ്കാരിക പ്രമുഖർ വിലയിരുത്തുമ്പോഴും ഓണം നൽകുന്ന ആവേശം അല്പം പോലും കുറഞ്ഞതായി തോന്നുന്നില്ല.മലയാളിക്ക് സ്വന്തമെന്ന് അഭിമാനി ക്കാൻ മറ്റെന്താഘോഷമാണ് വേറെയുള്ളത് . സ്വന്തം നാടിന്റെ തനിമയും സാംസ്കാരിക വൈഭവവും തിരിച്ചറിയാൻ ഓണവും ഓണാഘോഷവും നിലനിന്നേ മതിയാകൂ . അതോടൊപ്പം ഇത്തരം ആഘോഷങ്ങൾ ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്നുവെങ്കിൽ, സൗഹൃദങ്ങളെ സുദൃഢമാക്കുന്നുവെങ്കിൽ, ഒത്തുചേരലുകൾക്ക് വേദിയാകുന്നുവെങ്കിൽ അത് തന്നെ മഹത്തായ ഒരു കാര്യമല്ലേ? ഇതിനൊപ്പം കേരളപ്പഴമയെ അടുത്തറിയുവാനും അതിന്റെ തനിമയും മാധുര്യവും തിരിച്ചറിയു വാനും ശ്രമിക്കാം. പഴമയുടെ നന്മകൾ അന്നം നിന്ന് പോവാതിരിക്കട്ടെ …..... മാറ്റത്തിന്റെ കുത്തൊഴുക്കിൽ മൂല്യങ്ങൾ നമുക്ക് നഷ്ടമാവാതിരിക്കട്ടെ …..... ഒരൊറ്റ മനസ്സായി സ്നേഹവും സമഭാവനയും മനസ്സിൽ നിറച്ച് മാവേലി മന്നനെ വരവേൽക്കാം .

എല്ലാവർക്കും സ്നേഹം നിറഞ്ഞ , നന്മ നിറഞ്ഞ
ഓണാശംസകൾ
എഡിറ്റർ ,ദർപ്പണം



## ഇന്ദിരടീച്ചർ നിര്യാതയായി

വന്ദേമാതരത്തിൽ 34 വർഷം സേവനം അനുഷ്ഠിച്ച ശ്രീമതി വി.എസ് ഇന്ദിരയമ്മ 2012 ആഗസ്റ്റ് 15 ന് നിര്യാതയായി. 1975 മുതൽ 2009 വരെ സ്കൂളിലെ സംസ്കൃത അദ്ധ്യാപികയായിരുന്നു അവർ മുട്ടുചിറയ്ക്കടുത്തുള്ള ഒരു സ്വകാര്യ ആശുപത്രിയിൽ വച്ചായിരുന്നു അന്ത്യം.സംസ്കാരം 15 ന് ഉച്ചയ്ക്ക്2.30 ന് വീട്ടുവളപ്പിൽ നടന്നു. 16 ന് ഉച്ചയ്ക്ക് സ്കൂളിൽ പ്രിൻസിപ്പാൾ ശ്രീകെ.എസ് ജോസഫിന്റെ അദ്ധ്യക്ഷതയിൽ അനുശോചനയോഗം ചേർന്നു. സ്കൂളിലെ പുരോഗതിക്കായി അക്ഷീണം പ്രയത്നിച്ച ടീച്ചറുടെ വിയോഗം സ്കൂളിന് തീരാനഷ്ടമാണെന്ന് അദ്ദേഹം അനുസ്മരണ പ്രഭാഷണത്തിൽ അഭിപ്രായപ്പെട്ടു.അദ്ധ്യാപക പ്രതിനിധികളായി ശ്രീ എം.എൻ.പരമേശ്വരൻ നമ്പൂതിരി, പി.ജി സുരേന്ദ്രൻ നായർ വിദ്യാർത്ഥികൾക്കു വേണ്ടി കുമാരി ജോയിസി തോമസ്,സംഗീത എസ്, അനിലാ ജോസഫ് തുടങ്ങിയവർ സംസാരിച്ചു.

## പി.റ്റി.എ ഭാരവാഹികളെ തെരഞ്ഞടുത്തു



2012- 13 അധ്യയന വർഷത്തെ പി.റ്റി.എ ഭാരവാഹികളെ തെരഞ്ഞെടുത്തു. ശ്രീ ജോസ് മാത്യുവിനെ പി.റ്റി.എ പ്രസിഡന്റായും



ശ്രീമതി.സുമ അശോകിനെ എം.പി.റ്റി.എ പ്രസിഡന്റായും തെരഞ്ഞെടുത്തു. ഒമ്പത് അംഗങ്ങളടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മറ്റിയും രൂപീകരിച്ചിട്ടുണ്ട്.

